## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1790** **15-03-2022 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2019 ജൂലൈ മാസം ഉണ്ടായിരുന്ന എല്ലാ ഷെഡ്യൂളുകളും ഇപ്പോൾ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഷെഡ്യൂളുകൾ പുനഃരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; നിലവിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്ന ആകെ ഷെഡ്യൂളുകളുടെ എണ്ണവും ഓരോ ഡിപ്പോകളും ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകളും എത്രയാണെന്നും ശരാശരി പ്രതിദിന വരുമാനവും ചെലവും എത്രയാണെന്നും ഈ സാമ്പത്തിക വർഷം എത്ര പ്രവർത്തന ലാഭം/ പ്രവർത്തന നഷ്ടം ഉണ്ടായെന്നും വിശദീകരിക്കുമോ; | (എ) | 2019 ജൂലൈ മാസം ഉണ്ടായിരുന്ന എല്ലാ ഷെഡ്യൂളുകളും കെ.എസ്.ആർ.ടി.സി. ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നില്ല. എന്നാൽ 2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന ലാഭകരമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. എന്നാൽ യാത്രക്കാരുടെ കുറവ് മൂലം പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. പുതിയതായി ആരംഭിക്കുന്ന ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്ന ആകെ ഷെഡ്യൂളുകളുടെ എണ്ണവും ഓരോ ഡിപ്പോകളും ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകളും വരുമാനവും അനുബന്ധമായി ചേർക്കുന്നു. 2021 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ കണക്കനുസരിച്ച് ശരാശരി പ്രതിദിന വരുമാനം 4.39 കോടി രൂപയും, പെൻഷനും ശമ്പളവും ഉൾപ്പെടെയുള്ള ശരാശരി പ്രതിദിന ചെലവ് 8.76 കോടി രൂപയുമാണ്. ഇവതമ്മിലുള്ള അന്തരം 4.37 കോടി രൂപയുമാണ്. ഈ സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പൂർത്തീ കരിച്ചിട്ടില്ലാത്തതിനാൽ പ്രവർത്തന ലാഭം / പ്രവർത്തന നഷ്ടം എന്നിവ കണക്കാക്കുവാൻ കഴിഞ്ഞിട്ടില്ല. ഷെഡ്യൂളുകളുടേയും വരുമാന ത്തിന്റെയും വിവരം അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം സംബന്ധിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന | (ബി) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി IIM |

| | | |
|---|---|---|
| | തുടർനടപടികൾ എന്തൊക്കെയാണെന്നും കുറഞ്ഞ ചെലവിൽ പൊതുജനങ്ങൾക്ക് ഗതാഗത സൗകര്യം ലഭ്യമാക്കാനുള്ള ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും സിറ്റി സർക്കുലർ, ഷട്ടിൽ സർവീസുകൾ എന്നിവ മറ്റ് ജില്ലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വിശദമാക്കുമോ; | കൽക്കട്ടയിലെ പ്രൊഫ. സുശീൽ ഖന്നയെ കൺസൽട്ടന്റ് ആയി നിയമിക്കുകയും ടിയാൻ നടത്തിയ സമഗ്ര പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചു വരുന്നു. 2019 ഡിസംബറിൽ ഓപ്പറേറ്റ് ചെയ്തിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുകയും പുതുതായി കൂടുതൽ യാത്രാവശ്യമുള്ളതും ഗുണകരവുമായ റൂട്ടുകളിലേയ്ക്ക് അധിക സർവ്വീസുകൾ നടത്തിയും ഷെഡ്യൂളുകൾ 6000 ആക്കി വർദ്ധിപ്പിച്ച് പ്രതിദിന വരുമാനം 10 കോടിയാക്കി വർദ്ധിപ്പിക്കാൻ താഴെപ്പറയുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം സംബന്ധിച്ചും, കുറഞ്ഞ ചെലവിൽ പൊതു ജനങ്ങൾക്ക് കൂടുതൽ ഗതാഗത സൗകര്യം ലഭ്യമാക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. (i) സിറ്റി സർക്കുലർ - 108 ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നഗര പരിധിയിൽ സർക്കുലർ സർവ്വീസുകൾ 2021 നവംബർ മാസം മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ വിജയത്തിനുശേഷം കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ കൂടി ഇത്തരം ബസ് ഉപയോഗിച്ച് സർവ്വീസുകൾ ആരംഭിക്കുന്നത് പദ്ധതിയുണ്ട്. (ii) സമുദ്ര ബസ് പദ്ധതി - തിരുവനന്തപുരം സിറ്റിയ്ക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യ തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോട്ടു കൂടിയ വ്യത്യസ്ഥ നിറത്തിലുള്ള 3 ലോ ഫ്ളോർ സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി. ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി ഓപ്പറേറ്റ് ചെയ്തു വരുന്നു. ഇത്തരം സർവ്വീസുകൾ വ്യാപിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. (iii) ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് വിനോദ സഞ്ചാരികൾക്കായുള്ള സർവ്വീസ് കെ.എസ്.ആർ.ടി.സി. ലോഫ്ളോർ എ.സി. ബസ്സുകളിലും ദീർഘദൂര മൾട്ടി ആക്സിൽ സർവീസുകളിലും ഇ-ബൈക്ക്, ഇ-സ്കൂട്ടർ, സൈക്കിൾ തുടങ്ങിയ ഇരുചക്രവാഹനങ്ങൾ യാത്രക്കാരുടെയൊപ്പം കൊണ്ടു പോകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. (iv) ബൈപ്പാസ് റൈഡർ / ചെയിൻ സർവ്വീ സുകൾ / വിമാനത്താവളങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ - ലോ ഫ്ളോർ എ.സി. ബസ്സുകൾ കൂടി ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | രാത്രിയിലും പകലുമായി ഒരുപോലെ ഒരു മണിക്കൂർ ഇടവേളകളിൽ തിരുവനന്തപുരം - കോഴിക്കോട് സർവ്വീസു കൾ NH, MC റോഡുകൾ വഴി ബൈപാസ് റൈഡർ ആയി ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം - എറണാകുളം, എറണാകുളം - കോഴിക്കോട് ചെയിൻ സർവ്വീസുകൾ, വിമാനത്താവള ങ്ങളിലേയ്ക്കുള്ള ഗൾഫ് കണക്ട് സർവ്വീസുകൾ എന്നിവ കോവിഡ് നിയന്ത്രണങ്ങളും വ്യാപനവും കുറയുന്ന മുറയ്ക്ക് എ.സി. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നടത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്. (v) സിറ്റി ഷട്ടിൽ സർവ്വീസുകൾ - തിരുവനന്തപുരം നഗരത്തിലെ പൊതു ഗതാഗത സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സിറ്റി സർക്കുലർ സർവ്വീസിന് അനുബന്ധമായി "സിറ്റി ഷട്ടിൽ" എന്ന പേരിൽ തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് പ്രത്യേക സർവ്വീസ് നടത്തി വരുന്നു. ഗ്രാമാതിർത്തിയിൽ നിന്നുള്ള യാത്രക്കാരെ നഗര പരിധിയിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള സുഗമമായ യാത്രാസൗകര്യം ഒരുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഇത് തിരുവനന്തപുരം – നെയ്യാറ്റിൻകര റൂട്ടിൽ 12 ബസ്സുകളുപയോഗിച്ച് പ്രാഥമിക മായി ആരംഭിക്കുകയും തുടർന്ന് എല്ലാ റൂട്ടുകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്യുന്ന താണ്. (vi) സിറ്റി റേഡിയൽ സർവ്വീസ് - തിരുവനന്തപുരം ജില്ലയുടെ ഒരു ഭാഗത്ത് നിന്നും മറ്റൊരു ഭാഗത്തേയ്ക്ക് നഗരത്തെ മുറിച്ച് നേരിട്ട് കടന്നുപോകുന്ന സർവ്വീസുകളാണ് സിറ്റി റേഡിയൽ സർവ്വീസ്. (vii) ഗ്രാമവണ്ടി - സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളി ലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കു വാൻ ഉദ്ദേശിക്കുന്നുണ്ട്. നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന ശ്രോതസുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംങ് വിങ് പ്രവർത്തനം ആരംഭിച്ചി ട്ടുണ്ട്. സിറ്റി സർക്കുലർ, സിറ്റി ഷട്ടിൽ സർവ്വീസുകൾ മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള സാദ്ധ്യത പരിശോധിക്കുന്നുണ്ട്. |
| (സി) | ദീർഘദൂര സർവ്വീസ് റൂട്ടുകൾ സ്വകാര്യവത്കരിക്കാനും കെ.എസ്.ആർ.ടി.സി. യുടെ വസ്തുവകകൾ സ്വകാര്യ മേഖലയ്ക്ക് കൈമാറ്റം | (സി) | ദീർഘദൂര സർവ്വീസ് റൂട്ടുകൾ സ്വകാര്യ വത്കരിക്കാൻ കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.യുടെ |

| | | | |
|---|---|---|---|
| | ചെയ്യുവാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | | വസ്തുവകകൾ സ്വകാര്യമേഖലയ്ക്ക് കൈമാറാൻ ഉദ്ദേശിക്കുന്നില്ല. |
| (ഡി) | കെ.എസ്.ആർ.ടി.സി. വാങ്ങുന്ന ഇന്ധന വിലയിലുണ്ടായ വർദ്ധനവുമൂലം പ്രതിദിനം എത്ര രൂപയാണ് അധിക നഷ്ടം ഉണ്ടാകുന്നതെന്നും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ; | (ഡി) | പൊതുമേഖലാ എണ്ണ കമ്പനികൾ കെ.എസ്. ആർ.ടി.സി.യുടെ കൺസ്യൂമർ പമ്പുകൾക്ക് (ബൾക്ക് പർച്ചേസ് എന്ന വിഭാഗത്തിൽ) ലിറ്ററിന് 82.75 രൂപയ്ക്കാണ് 31/12/2021 വരെ നൽകിവന്നത്. 01/1/2022 മുതൽ 1.99 രൂപയും, 16/1/2022 മുതൽ 3.37 രൂപയും, 01/2/2022 മുതൽ 5.59 രൂപയും, 16/2/2022 മുതൽ 4.18 രൂപയും, 01/3/2022 മുതൽ 2.37 രൂപയും ലിറ്ററൊന്നിന് വർദ്ധിപ്പിക്കുകയുണ്ടായി. ഇപ്രകാരം വില വർദ്ധിപ്പിച്ചതു മൂലം പൊതുവിപണിയിലെ വില്പന ശാലകളിൽ നിന്നും ലഭിക്കുന്ന വിലയേക്കാൾ 6.78 രൂപ യുടെ വർദ്ധനവ് ആണ് നിലവിലുള്ളത്. കെ.എസ്.ആർ.ടി.സി.യ്ക്ക് നിലവിൽ ശരാശരി 270 കിലോ ലിറ്റർ ഡീസലാണ് പ്രതിദിനം ആവശ്യമായി വരുന്നത്. ബൾക്ക് പർച്ചേസ് എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന തിനാൽ മറ്റ് ഉപഭോക്താക്കൾക്ക് നൽകുന്ന തിനേക്കാൾ ലിറ്ററിന് 6.78 രൂപ ഡീസൽ വില വർദ്ധിക്കുമ്പോൾ പ്രതിദിനം കെ.എസ്. ആർ.ടി.സി.യ്ക്ക് 18.30 ലക്ഷം രൂപയുടെ അധിക ബാധ്യത ഉണ്ടാകുന്നതാണ്.<br>കെ.എസ്.ആർ.ടി.സി.യുടെ പുതിയ സംരംഭമായ യാത്രാ ഫ്യൂവൽസ് റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ നിന്ന് ഡീസൽ ഉപയോഗിക്കുന്നതടക്കമുള്ള ബദൽ മാർഗങ്ങൾ സ്വീകരിച്ചതിനാൽ ടി നഷ്ടം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഇ) | കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് മാർക്കറ്റിങ്ങ് ഡിവിഷൻ രൂപവൽക്കരിച്ച ശേഷം ഈ ഇനത്തിൽ എത്ര രൂപ വരുമാനം ലഭിച്ചിട്ടുണ്ട്; 2016 എപ്രിൽ 1 മുതൽ മറ്റിനങ്ങളിൽ കെ.എസ്.ആർ.ടി.സി. ക്ക് ലഭ്യമായ ടിക്കറ്റിതര വരുമാനം എത്ര ആണെന്നും ഏതിനങ്ങളിലാണെന്നും വിശീകരിക്കുമോ; | (ഇ) | കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ഡിവിഷൻ രൂപവൽക്കരിച്ച ശേഷം വിവിധ ആദായകരമായ പദ്ധതികളി ലൂടെ 4,70,41,486/- (നാല് കോടി എഴുപത് ലക്ഷത്തി നാൽപത്തി ഒന്നായിരത്തി നാന്നൂറ്റി എൺപത്തി ആറ് രൂപ മാത്രം) സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം വരെയുള്ള അക്കൗണ്ട്സ് മാത്രമേ പൂർത്തിയാക്കി അംഗീകാരം ലഭിച്ചിട്ടുള്ളൂ. 2016-17 മുതലുള്ള താത്ക്കാലിക കണക്കുപ്രകാരം മറ്റിനങ്ങളിൽ ലഭ്യമായ ടിക്കറ്റ് ഇതര വരുമാനം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു: 2016-17 : 35,73,26,196 2017-18 : 15,41,72,415 2018-19 : 30,78,08,000 2019-20 : 23,51,27,014 2020-21 : 32,18,42,669 പരസ്യ ഇനത്തിലും, വാടക ഇനത്തിലും ബസുകളിൽ ടിക്കറ്റില്ലാതെ യാത്ര ചെയ്തവരിൽനിന്നും പിഴ ഈടാക്കുന്ന ഇനത്തിലും |

| | | | |
|---|---|---|---|
| | | | മറ്റു രസീതിനങ്ങളിലുമാണ് പ്രധാനമായും ടിക്കറ്റിതര വരുമാനം ലഭിക്കുന്നത്. |
| (എഫ്) | ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ലോജിസ്റ്റിക്സ് മാർക്കറ്റിങ്ങ് ടീമിലേക്ക് സ്ഥിര ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് നിയമനം നൽകിയത് എന്ത് മാനദണ്ഡപ്രകാരമാണ്; പ്രസ്തുത ജീവനക്കാരുടെ നിയമനങ്ങൾ കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് അംഗീകരിച്ചിട്ടുണ്ടോ; | (എഫ്) | ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം-ൽ നിയമനം നടത്തിയിട്ടുള്ളത് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, തിരുവനന്തപുരം എന്ന സ്ഥാപനം മുഖേനയാണ്. ടി സ്ഥാപനത്തിന്റെ സഹായത്തോടുകൂടി കെ.എസ്.ആർ.ടി.സി. ജീവനക്കാരിൽ നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും വിവിധ പരീക്ഷകളിലൂടെയും മുഖാമുഖത്തിലൂടെയു മാണ് 22 പേരടങ്ങുന്ന കെ.എസ്.ആർ.ടി.സി ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത നിയമനത്തിന് ഭരണ സമിതിയുടെ അംഗീകാരം തേടിയിട്ടില്ല. |
| (ജി) | ശാരീരികമായ അവശതകൾ മൂലം കാറ്റഗറി ചെയ്ഞ്ചിനായി ഇതുവരെ എത്ര ജീവനക്കാർ അപേക്ഷ നൽകിയിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് അനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ? | (ജി) | ശാരീരികമായ അവശതകൾമൂലം കാറ്റഗറി ചെയ്ഞ്ചിനായി 70 ജീവനക്കാർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് പരിശോധിച്ച് അവശതയുടെ തോത് നിർണ്ണയിച്ച് യോഗ്യരായ 34 പേർക്ക് 25.2.2022 വരെ തസ്തിക മാറ്റത്തിന് അനുമതി നൽകിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 18

~~നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1790 (എ) ചിരിവിന്റെ അനുബന്ധം~~

| ക്രമ നം. | യൂണിറ്റ് | ഷെഡ്യൂളുകളുടെ എണ്ണം | വരുമാനം |
|---|---|---|---|
| 1 | ആറ്റിങ്ങൽ | 52 | 7,29,008 |
| 2 | കണിയാപുരം | 28 | 3,38,781 |
| 3 | കിളിമാനൂർ | 43 | 5,58,292 |
| 4 | നെടുമങ്ങാട് | 40 | 5,14,851 |
| 5 | പാലോട് | 25 | 2,90,272 |
| 6 | പേരൂർക്കട | 68 | 4,95,198 |
| 7 | തിരുവനന്തപുരം സിറ്റി | 101 | 8,60,359 |
| 8 | വെഞ്ഞാറമൂട് | 43 | 5,24,634 |
| 9 | വികാസ് ഭവൻ | 40 | 4,73,633 |
| 10 | വിതുര | 29 | 3,51,510 |
| 11 | ആര്യനാട് | 21 | 2,41,178 |
| 12 | കാട്ടാക്കട | 44 | 5,97,043 |
| 13 | നെയ്യാറ്റിൻകര | 71 | 9,34,921 |
| 14 | പാപ്പനംകോട് | 69 | 6,92,822 |
| 15 | പാറശ്ശാല | 50 | 7,33,140 |
| 16 | പൂവാർ | 37 | 5,09,343 |
| 17 | തിരുവനന്തപുരം സെൻട്രൽ | 57 | 21,59,998 |
| 18 | വെള്ളനാട് | 32 | 3,73,985 |
| 19 | വെള്ളറട | 33 | 4,41,629 |
| 20 | വിഴിഞ്ഞം | 39 | 4,80,424 |
| 21 | ആര്യങ്കാവ് | 11 | 78,611 |
| 22 | ചടയമംഗലം | 37 | 3,62,578 |
| 23 | ചാത്തന്നൂർ | 38 | 5,07,955 |
| 24 | കരുനാഗപ്പള്ളി | 57 | 7,35,406 |
| 25 | കൊല്ലം | 66 | 9,82,159 |
| 26 | കൊട്ടാരക്കര | 88 | 14,07,859 |
| 27 | കുളത്തൂപ്പുഴ | 24 | 3,10,443 |
| 28 | പത്തനാപുരം | 29 | 3,98,506 |
| 29 | പുനലൂർ | 42 | 5,88,992 |
| 30 | അടൂർ | 33 | 4,83,078 |
| 31 | കോന്നി | 7 | 72,888 |
| 32 | മല്ലപ്പള്ളി | 22 | 2,80,888 |
| 33 | പന്തളം | 13 | 1,95,413 |
| 34 | പത്തനംതിട്ട | 43 | 6,57,953 |

| | | | |
|---|---|---|---|
| 35 | റാന്നി | 9 | 1,37,620 |
| 36 | തിരുവല്ല | 40 | 5,95,072 |
| 37 | എടത്വ | 18 | 2,23,789 |
| 38 | പമ്പ | .. | ... |
| 39 | ആലപ്പുഴ | 55 | 8,71,906 |
| 40 | ചെങ്ങന്നൂർ | 35 | 5,73,883 |
| 41 | ചേർത്തല | 54 | 8,89,561 |
| 42 | ഹരിപ്പാട് | 31 | 4,00,854 |
| 43 | കായംകുളം | 34 | 5,65,044 |
| 44 | മാവേലിക്കര | 25 | 3,83,238 |
| 45 | ചങ്ങനാശ്ശേരി | 43 | 6,36,843 |
| 46 | ഈരാറ്റുപേട്ട | 37 | 4,96,574 |
| 47 | എരുമേലി | 20 | 2,59,470 |
| 48 | കോട്ടയം | 57 | 10,28,669 |
| 49 | പാല | 55 | 10,12,792 |
| 50 | പൊൻകുന്നം | 23 | 3,89,308 |
| 51 | വൈക്കം | 38 | 5,01,096 |
| 52 | കട്ടപ്പന | 28 | 4,52,241 |
| 53 | കുമിളി | 26 | 4,30,348 |
| 54 | മൂലമറ്റം | 15 | 1,91,637 |
| 55 | മൂന്നാർ | 24 | 4,56,107 |
| 56 | നെടുങ്കണ്ടം | 10 | 1,47,051 |
| 57 | തൊടുപുഴ | 41 | 6,21,716 |
| 58 | ആലുവ | 44 | 6,85,596 |
| 59 | അങ്കമാലി | 36 | 4,85,081 |
| 60 | എറണാകുളം | 58 | 12,76,853 |
| 61 | കോതമംഗലം | 35 | 5,17,332 |
| 62 | കൂത്താട്ടുകുളം | 20 | 2,41,532 |
| 63 | മൂവാറ്റുപുഴ | 51 | 7,74,576 |
| 64 | നോർത്ത് പറവൂർ | 40 | 5,13,159 |
| 65 | പെരുമ്പാവൂർ | 30 | 4,73,704 |
| 66 | പിറവം | 33 | 4,41,023 |
| 67 | ചാലക്കുടി | 35 | 4,31,999 |
| 68 | ഗുരുവായൂർ | 29 | 5,47,736 |
| 69 | ഇരിങ്ങാലക്കുട | 14 | 2,43,907 |
| 70 | കൊടുങ്ങല്ലൂർ | 19 | 2,52,947 |
| 71 | മാള | 25 | 3,94,807 |
| 72 | പുതുക്കാട് | 19 | 2,51,033 |

| | | | |
|---|---|---|---|
| 73 | തൃശ്ശൂർ | 51 | 10,37,164 |
| 74 | ചിറ്റൂർ | 29 | 3,60,000 |
| 75 | മണ്ണാർക്കാട് | 23 | 2,30,000 |
| 76 | പാലക്കാട് | 70 | 11,75,000 |
| 77 | വടക്കാഞ്ചേരി | 28 | 3,00,000 |
| 78 | മലപ്പുറം | 32 | 5,75,000 |
| 79 | നിലമ്പൂർ | 27 | 3,75,000 |
| 80 | പെരിന്തൽമണ്ണ | 30 | 5,00,000 |
| 81 | പൊന്നാനി | 29 | 4,65,000 |
| 82 | കോഴിക്കോട് | 68 | 12,15,000 |
| 83 | താമരശ്ശേരി | 36 | 4,45,000 |
| 84 | തിരുവമ്പാടി | 26 | 2,50,000 |
| 85 | തൊട്ടിൽപ്പാലം | 33 | 4,20,000 |
| 86 | വടകര | 19 | 2,50,000 |
| 87 | കൽപ്പറ്റ | 40 | 5,40,000 |
| 88 | മാനന്തവാടി | 63 | 7,90,000 |
| 89 | സുൽത്താൻബത്തേരി | 61 | 11,00,000 |
| 90 | കണ്ണൂർ | 83 | 11,50,000 |
| 91 | പയ്യന്നൂർ | 59 | 7,50,000 |
| 92 | തലശ്ശേരി | 46 | 5,50,000 |
| 93 | കാഞ്ഞങ്ങാട് | 42 | 5,25,000 |
| 94 | കാസർഗോഡ് | 66 | 11,00,000 |

നോഡൽ ഓഫീസർ, കെ.എസ്.ആർ.റ്റി.സി
ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർക്കുവേണ്ടി

സെക്ഷൻ ഓഫീസർ